15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901 **05-07-2022 - ൽ മറുപടിയ്ക്ക്**

കന്നുകാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്

ചോദ്യം		ഉത്തരം	
ശ്രീ. മുരളി പെരുനെല്ലി		**ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)**	
(എ)	കന്നുകാലികളിലെ അകിടുവീക്കവും കുളമ്പുരോഗവും മൂലം മണലൂർ മണ്ഡലത്തിലെ പല പ്രദേശങ്ങളിലും ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;	(എ)	കന്നുകാലികളിലെ അകിടുവീക്കവും കുളമ്പുരോഗവും മൂലം മണലൂർ മണ്ഡലത്തിലെ പല പ്രദേശങ്ങളിലും ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ബി)	പ്രസ്തുത രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പ് സമ്പൂർണ്ണമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?	(ബി)	അകിടുവീക്കം ഒരു പകർച്ചാവ്യാധിയല്ലാത്തതിനാൽ പ്രതിരോധകുത്തിവെയ്പ് ലഭ്യമല്ല. ഫലപ്രദമായ ചികിത്സ നൽകുന്നതിനായി മണലൂർ മണ്ഡലത്തിലെ എല്ലാ സർക്കാർ മൃഗാശുപത്രികളിലും നിലവിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. 2021 ഒക്ടോബർ മുതൽ ഡിസംബർ വരെ (ബൂസ്റ്റർ വാക്സിനേഷൻ ഉൾപ്പെടെ) നടത്തിയ രണ്ടാംഘട്ട NADCP കുളമ്പുരോഗ പ്രതിരോധകുത്തിവെയ്പ് ക്യാമ്പയിനിൽ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലായി 89.4 ശതമാനം കന്നുകാലികളെ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കിയിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനത്ത് വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് അടുത്തഘട്ടം കുളമ്പുരോഗ പ്രതിരോധകുത്തിവെയ്പ് നടത്തുന്നതുമാണ്.

സെക്ഷൻ ഓഫീസർ